**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **10-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥനത്ത് വ്യപകമായി സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ നടക്കുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യാപകമായി സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ ഭൂമിയുടെ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടവ എല്ലാം തന്നെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് നാളിതുവരെയായി എത്ര ഹെക്ടർ സർക്കാർ ഭൂമിയാണ് കൈയ്യേറ്റ ഭൂമിയായി കണ്ടെത്തിയതെന്ന് അറിയിക്കുമോ; ഏതെല്ലാം ജില്ലകളിലാണ് വ്യാപകമായി കൈയ്യേറ്റങ്ങൾ നടന്നിട്ടുള്ളതെന്നും ആരെല്ലാമാണ് കൈയ്യേറിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നാളിതുവരെയായി കയ്യേറിയ ഭൂമിയുടെ വിസ്തീർണ്ണം ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു. |
| (സി) | പ്രസ്തുത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (സി) | സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 08/11/2008 ന ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിയ്ക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ KLC പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം KLC നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് |

| | | | |
|---|---|---|---|
| | | | തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് KLC പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. KLC നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു. ഇതിനുപുറമേ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (ഡി) | കോടതി വ്യവഹാരങ്ങളിൽപ്പെട്ട കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കോടതി വ്യവഹാരങ്ങളിൽപ്പെട്ട കയ്യേറ്റങ്ങളിൽ അതത് കോടതികളുടേയോ മേൽ കോടതികളുടേയോ ഉത്തരവുകൾക്കനുസൃതമായി മാത്രമേ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. കോടതി വ്യവഹാരത്തിലുള്ള കേസുകൾ തീർപ്പാക്കുന്നതിനായി യഥാസമയം കാര്യവിവര പത്രിക സമർപ്പിച്ചുവരുന്നതും ഗവൺമെന്റ് പ്ലീഡർമാരുമായി ബന്ധപ്പെട്ട് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതുൾപ്പെടെ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ KLC നിയമത്തിലെ സെക്ഷൻ 20 A പ്രകാരം സർക്കാർ ഭൂമികളിലെ കയ്യേറ്റത്തിനെതിരെ KLC പ്രകാരം സ്വീകരിക്കുന്ന നിയമനടപടികൾക്കെതിരെ കീഴ് കോടതികൾക്ക് ഇടപെടാൻ അധികാരമില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അത്തരം കേസുകൾ തള്ളുന്നതിന് ഗവൺമെന്റ് പ്ലീഡർമാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കേസിന്റെ സ്ഥിതി വിവരം അറിയുന്നതിനായി എല്ലാ മാസവും സ്യൂട്ട് കോൺഫറൻസ് ഉൾപ്പെടെ നടത്തി കേസിന്റെ പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നുണ്ട്. |
| (ഇ) | പാട്ടഭൂമിയായി ഏറ്റെടുക്കുന്ന ഭൂമി പാട്ട കുടിശ്ശിക നൽകാതെ പിന്നീട് മറിച്ചു വില്കുന്നതായുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | പാട്ടഭൂമിയായി ഏറ്റെടുക്കുന്ന ഭൂമി പാട്ട കുടിശ്ശിക നൽകാതെ പിന്നീട് മറിച്ചു വിൽക്കുന്നതായി പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പാട്ടഭൂമി മറിച്ചു വിറ്റതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എഫ്) | 1) പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ സർവ്വെ നമ്പർ 869/1 ബിയിൽപ്പെട്ട 4.44 ഏക്കർ പുറമ്പോക്ക് സ്ഥലം യോനാമെന്റ്സ്, ജോളിഹോം തങ്കശ്ശേരിൽ എന്നയാൾക്ക് പാട്ടത്തിന് നൽകിയിരുന്നതാണ്. ടി പാട്ട സ്ഥലത്തിൽ 0.8608 ഹെക്ടർ അന്നമ്മ |

| | | | |
|---|---|---|---|
| | | | വർഗ്ഗീസ്, മൂലമണ്ണിൽ എന്നയാൾക്കും, 0.9360 ഹെക്ടർ സ്ഥലം ജയിംസ് ഗോമസ് പുതുപ്പറമ്പിൽ എന്നയാൾക്കും ആധാരപ്രകാരം കൈമാറിയിരുന്നു. അതിൽ അന്നമ്മ വർഗ്ഗീസ് എന്നയാളുടെ കൈവശമുള്ള സ്ഥലം സർക്കാരിലേയ്ക്ക് തിരികെ എടുത്തിട്ടുള്ളതും പാട്ടക്കുടിശ്ശികയും പലിശയും സഹിതം 4,53,480/- രൂപ കക്ഷിയിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടുള്ളതാണ്. ജയിംസ് ഗോമസ് പുതുപ്പറമ്പിൽ എന്നയാളുടെ കൈവശം ഇരിക്കുന്ന സ്ഥലം സംബന്ധിച്ച് ബഹുമാനപ്പെട്ട റാന്നി മുൻസിഫ് കോടതിയിൽ OS 245/03 നമ്പർ കേസ് നിലവിലുണ്ട്. 2) വടശ്ശേരിക്കര വില്ലേജിലെ പഴയ സർവ്വെ നമ്പർ 923/1 ൽപ്പെട്ട 1 ഏക്കർ 85 സെന്റ് പുറമ്പോക്ക് സ്ഥലം ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് പേരിൽ വടശ്ശേരിക്കര പേഴുംപാറ തിരുഹൃദയ കത്തോലിക്കാ പള്ളിക്ക് 1963 മുതൽ കുത്തകപ്പാട്ടത്തിന് നൽകിയിരുന്നതും അതിൽ 0.52 ച.മീറ്റർ സ്ഥലം തിരുഹൃദയ പള്ളി വികാരിയായിരുന്ന ഫാ.പീറ്റർ മേസ്തിരി പറമ്പിൽ 2002 ജനുവരി മാസം 16-ാം തീയതി കൊല്ലം പറമ്പിൽ ദേവസ്യ എന്നയാൾക്ക് 20,000 രൂപ കൈപ്പറ്റിക്കൊണ്ട് കൈമാറിയിട്ടുള്ളതാണ്. 3) ഇടുക്കി പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവ്വെ നമ്പർ 972 ൽപ്പെട്ട 28.1586 ഹെക്ടർ സ്ഥലം മറിച്ചു വിറ്റിട്ടുള്ളതാണ്. 4) തൃശ്ശൂർ തൃശ്ശൂർ താലൂക്കിൽ ഒല്ലൂർ വില്ലേജിൽ പൊറത്തൂർ ലില്ലി ഫ്രാൻസിസ് മുതൽ പേർക്ക് പാട്ടത്തിന് നൽകിയ സർവ്വെ 560/4 ൽപ്പെട്ട 0.1090 ഹെക്ടർ ഭൂമിയും കൊടുങ്ങല്ലൂർ താലൂക്കിൽ ലോകമലേശ്വരം വില്ലേജിൽ 02 സെന്റ് ഭൂമിയും മറിച്ച് വിറ്റിട്ടുണ്ട്. |
| (ജി) | കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമികൾ തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (ജി) | കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടക്കുടിശ്ശിക ഈടാക്കിയതിനു ശേഷം പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് 1957 ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം സ്ഥലം സർക്കാർ അധീനതയിൽ ഏറ്റെടുത്ത് കുടിശ്ശിക തുക റവന്യൂ റിക്കവറി നിയമ പ്രകാരമുള്ള നടപടികളിലൂടെ ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ജില്ല | കൈയേറ്റ ഭൂമിയുടെ വിസ്തീർണം | ഒഴിപ്പിച്ച ഭൂമിയുടെ വിസ്തീർണം (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | 146.1774 | 62.7615 |
| കൊല്ലം | 56.6255 | 17.6472 |
| പത്തനംതിട്ട | 41.0067 | 7.6245 |
| ആലപ്പുഴ | 27.0486 | 6.985 |
| കോട്ടയം | 22.3688 | 11.6378 |
| ഇടുക്കി | 340.1185 | 308.4604 |
| എറണാകുളം | 34.4106 | 7.0433 |
| തൃശ്ശൂർ | 54.515 | 15.19735 |
| പാലക്കാട് | 36.44 | 11.2081 |
| മലപ്പുറം | 11.8621 | 4.0803 |
| കോഴിക്കോട് | 9.97166 | 4.32083 |
| വയനാട് | 78.4625 | 32.6347 |
| കണ്ണൂർ | 5.903 | 0.4483 |
| കാസർഗോഡ് | 19.2200 | 7.2324 |